_തയ്യാറാക്കിയത്: ഷാജി.ടി.വി._

_ജി.എച്ച്.എസ്.എസ്. ചാവശ്ശേരി,കണ്ണൂർ_

## കാലാതീതം കാവ്യവിസ്മയം

1. "വൽത്സ സൗമിത്രേ കുമാര നീ കേൾക്കണം" ... അടിവരയിട്ട പദത്തിൽ പ്രകടമാകുന്ന ഭാവം ?

ചമത്കാരഭംഗി വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക

2. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
   ..................................
   എത്രയും ചഞ്ചലമാലയ സംഗമം"
3. "മായാമയമായ് പരിണാമിയായൊരു
   കായം വികാരിയായുള്ളൊന്നിന്ധ്രുവം"
4. "വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ
   സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"
5. "തഞ്ചും മധുരസം വാർന്നവസാനമീ
   തങ്കച്ചഷകം തകർന്നുപോമെങ്കിലും
   സത്യ പ്രകാശമേ നിന്മടിത്തട്ടിലെൻ
   നിത്യസുഷുപ്തി ലഭിക്കാതിരിക്കുമേ" .... ചങ്ങമ്പുഴ
   ജീവിതത്തെക്കുറിച്ചുള്ള എഴുത്തച്ഛന്റെയും ചങ്ങമ്പുഴയുടെയും കാഴ്ചപ്പാട് താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?
6. "മാതാപിതൃഭ്രാതൃമിത്രസഖികളെ
   ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ"... എഴുത്തച്ഛൻ
   ക്രോധം ഉപേക്ഷിച്ച് പരസ്പരം സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നവയാണ് പ്രസ്തുതവരികൾ. ഇന്നത്തെ കാലത്ത് ഈ വരികൾക്കുള്ള പ്രസക്തി വിലയിരുത്തി മുഖപ്രസംഗം തയ്യാറാക്കുക.
7. സാർവ്വകാലിക പ്രസക്തിയുള്ളവയാണ് എഴുത്തച്ഛൻ കൃതികൾ -- ഈ പ്രസ്താവന മുൻനിർത്തി കാലാതീതമാണ് ആ കാവ്യവിസ്മയം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം തയ്യാറാക്കുക.
8. കരുതൽ ,താഴ്മ, കാഴ്ച എന്നീപദങ്ങളുടെ പ്രത്യേകത കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
9. ലോകജീവിതത്തിന്റെ ഗതിവിഗതികളെക്കുറിച്ച് നല്ലപോലെ മനസ്സിലാക്കിയിരുന്ന മഹാകവിയാണ് കാളിദീസൻ.ലൗകികമായ പ്രണയഗതിക്ക് ദുഃഖത്തിന്റെ അഗ്നിജ്വാലയിൽ വെച്ച് സ്ഫുടപാകം ചെയ്താലെ പാവനത്വം സിദ്ധിക്കുകയുള്ളൂ.ശാകുന്തളം,കുമാരസംഭവം,മേഘസന്ദേശം എന്നീ കൃതികലെ മുൻനിർത്തി അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക ?
10. കാളിദീസന്റെ തികച്ചുംമനുഷ്യകഥാനുഗായിയായ നാടകം ഏത് ?
11. കാളിദാസമഹാകവിയുടെ ആദ്യകാലരചനയായിരിക്കാം ഋതുസംഹാരം. കാളിദാസകൃതികളുടെ വ്യാഖ്യാതാവായ മല്ലീനാഥൻ ഋതുസംഹാരത്തെക്കുറിച്ച് മൗനം ദീക്ഷിക്കുകയാണ്. ഈ ആശയത്തെ മുൻനിർത്തി ഋതുസംഹാരം കാളിദാസകൃതിയാണോ എന്ന സംശയം ഉണ്ടാവാം. ഇതിന് കാരണമെന്താവാം ? സ്വാഭിപ്രായം മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക ?
12. "അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ , ഈ ചെറുകാവ്യത്തിന് ലഭിച്ചത്ര അഭിനന്ദനം കാളിദാസന്റെയെന്നല്ല മറ്റൊരുകവിയുടെയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടില്ല"...ഇവിടെ പരാമർക്കപ്പെടുന്ന കാവ്യം ഏത് ? കാരണമെന്ത് ?
13. തന്നെത്തന്നെ കഥാപാത്രമാക്കുകയാണ് ബഷീർ ചെയ്തിട്ടുള്ളത്. 'ഞാൻ' എന്നത് പലവിധചിന്താധാരകളാണ്, പലവിധവികാരസ്ഫുരണങ്ങളാണ്. തന്നെത്തന്നെ ഇത്രയധികം

കഥാപാത്രങ്ങളാക്കിയ മറ്റൊരു കഥാകൃത്ത് നമുക്കില്ല. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അമ്മ എന്ന രചനയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

14. അമ്മ എന്നത് വിശാലമായ സങ്കല്പമാണ് , യാഥാർഥ്യമാണ്. ബഷീറിന്റെ കുറിപ്പിലെ അമ്മ എന്ന കഥാപാത്രക്കുറിച്ച് നിരൂപണക്കുറിപ്പ് തയ്യാറാക്കുക.
15. ഒട്ടേറെ ഗ്രാമ്യ പദങ്ങൾ ബഷീറിന്റെ ആഖ്യാനശൈലിയെആകർഷകമാക്കുന്നുണ്ട്. ഇത്തരം ശൈലികൾ അമ്മ എന്ന ആഖ്യാനത്തെ എത്രമാത്രം സുന്ദരമാക്കുന്നു എന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
16. അധികാരികളുടെ ഏകാധിപത്യവും ക്രൂരതയും തിന്മയും എക്കാലത്തും പ്രസക്തമായ ഇതിവൃത്തമാണ്, അതൊരുയാഥാർഥ്യമാമണ്. ബഷീറിന്റെ അമ്മ എന്ന ആഖ്യാനത്തിൽ ഇത് എത്രത്തോളം പ്രകടമാവുന്നുണ്ട് ? ബഷീറിന് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെ പശ്ചാത്തലത്തിൽ കുറിപ്പ് തയ്യാറാക്കുക.

## സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

17. 'കല,എത്ര ദീർഘം സാധനാലഭ്യം

ആവൂ! ജീവിതമെത്ര ഹ്രസ്വതരം' ... ദീർഘം , സാധനാലഭ്യം എന്നീവിശേഷണങ്ങൾ കലയ്ക്കുനൽകുന്ന അർഥതലങ്ങൾ എന്തൊക്കെ ?

18. 'അഭിമുഖന്മാരെക്കണ്ടെൻ

മനതാരിലുണ്ടൊന്നുന്മിഷിതം'... ഉന്മേഷത്തിനുള്ള കാരണമെന്ത് ?

19. സ്വാപതദേ, സ്വാപതേയ എന്നീ പദങ്ങളുടെ അർഥവ്യത്യാസവും പ്രയോഗഭംഗിയും കണ്ടെത്തി എഴുതുക.
20. 'ധരണിയിലുള്ള പരിഷകളിലിൽ നളനെച്ചെന്നുകാണും
അവർക്കുവേണ്ടും കാര്യം നളനും സാധിപ്പിക്കും

ദൂത്തുനിന്നാരും വരികയില്ല നമ്മെക്കാണ്മാൻ' ...പുഷ്കരന്റെമാനസികാവസ്ഥ വ്യക്തമാക്കുക.

21. നളചരിതത്തിലെ ഭാഷാപ്രത്യേകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
22. പുഷ്കരനെ പ്രലോഭിപ്പിക്കാൻ കലി പ്രയോഗിക്കുന്ന തന്ത്രങ്ങൾ എന്തെല്ലാം ?
23. കഥകളിയുടെ സാഹിത്യരൂപമേത് ? കഥകളി വേഷങ്ങൾ ഏതെല്ലാം ?
24. കഥകളിയുടെ മുദ്രകളെക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥം ആത് ? കഥകളിയിലെ അഭിനയരീതികൾ ഏതെല്ലാം?
25. കഥകളിയിൽ കലിയുടെയും പുഷ്കരന്റെയും വേഷങ്ങൾക്കുള്ള പ്രത്യേകതയെന്ത് ?
26. പുഷ്കരനെ പ്രലോഭിപ്പിക്കാൻ കലി പ്രയോഗിക്കുന്ന തന്ത്രങ്ങൾ ആധുനിക മനശ്ശാസ്ത്ര സമീപനങ്ങളുമായി യോജിച്ചുപോവുന്നുണ്ടോ ? വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.
27. ഭൗമി , വെണ്മ , ഒന്നാമൻ തുടങ്ങിയ പദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി എഴുതുക.
28. ദുര്യോധനന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.
29. 'ഏതുയുദ്ധവും ഏതു പേരിലും വ്യവസ്ഥയിലുമെല്ലാം തുടങ്ങിയാലും ഇങ്ങനെയൊക്കെ

തന്നെയായിരിക്കും കലാശം'-മാരാരുടെ ഈ പരാമർശം മുൻനിർത്തി 'എല്ലാ യുദ്ധങ്ങളും

സർവനാശത്തിലേക്ക് നയിക്കുന്നു'- എന്ന വിഷയത്തിൽ ഒരുമുഖപ്രസംഗം തയ്യാറാക്കുക.

30. അവർ ദ്രൗണിയെ <u>പ്രീണിപ്പിക്കാനായി</u> കൂടാരങ്ങൾക്ക് മൂന്നുവശവും തീ കൊടുത്തു.അടിവരയിട്ട പദം അതേയർഥത്തിൽ പ്രയോഗിച്ച് മറ്റൊരുവാക്യം നിർമ്മിക്കുക.
31. 'നമ്മിൽ ഓരോരുത്തരിലും അശ്വത്ഥാമാവ് മറഞ്ഞിരിക്കുന്നു'.--ഈ പ്രസ്താവനയെ സമകാലികസംഭവങ്ങളുമായി ബന്ധിപ്പിച്ച് വിശദമാക്കുക.
32. 'എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം.അത് പ്രയോഗിച്ചത്

വെറുതേയായിക്കൂട' -- അശ്വത്ഥാമാവിന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

33. അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കൽപിച്ചതിന്റെ പൊരുളെന്ത് ?
34. വ്യാസഭാരതത്തിലെ വിവിധ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയുംഅടിസ്ഥാനമാക്കി മാരാർ രചിച്ചിട്ടുള്ള പഠനാത്മക പ്രബന്ധങ്ങളുടെ സമാഹാരം ഏത് ?
35. 'മനുഷ്യന് എല്ലാ ചുമടുകളും ഇറക്കിവെക്കാനൊക്കുമോ ? സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ ? -ജീവിതത്തോടുള്ള ദസ്തയോവിസ്കിയുടെ കാഴ്ചപ്പാട് വ്യക്തമാക്കുക.
36. 'ചില വ്യക്തികളുടെ ഇടപെടലുകൾ ചിലരുടെയെങ്കിലും ജീവിതത്തെ മാറ്റിമറിച്ചേക്കാം'-അന്ന ദസ്തയോവിസ്കിയെ എത്രമാത്രം സ്വാധീനിച്ചിരിക്കുന്നു- കുറിപ്പ് തയ്യാറാക്കുക.
37. 'അത്രമേൽ സ്നേഹിച്ച ഒരാളുടെ മരണം നമ്മുടെ ജീവിതത്തെ എത്ര നിശ്ശൂന്യമാക്കിത്തീർക്കുമെന്ന് ഇപ്പോൾ ഞാനറിയുന്നു.' - ( ഒരു സങ്കീർത്തനം പോലെ )

    'വിരഹത്തിലല്ലാതെ ലാവണ്യം സമഗ്രമായ്
    നിരവദ്യമായിട്ടു കാണുവാൻ കഴിവീല'... ( എന്റെ വേളി - ജി )

    നോവൽ ഭാഗത്തെ അടിസ്ഥാനമാക്കി ജി.യുടെ വരികൾ വിശകലനം ചെയ്യുക.
38. 'വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷ്ണം പോലെയല്ലേ ഇപ്പോൾ എന്റെ അവസ്ഥ'
    'ആകാശത്തിൽ നിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട് '—ഇതുപോലുള്ള മറ്റുപ്രയോഗങ്ങൾ കണ്ടെത്തി അവ എത്രമാത്രം കഥാപാത്രത്തിന്റെ ജീവിതാനുഭവത്തെ വെളിപ്പെടുത്തുന്നു എന്ന് വ്യക്തമാക്കുക.

## വാക്കുകൾ സർഗ്ഗതാളങ്ങൾ

39. "ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
    പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ" ... വയലാറിന്റെ ഈ പ്രഖ്യാപനത്തെ അടുത്ത കാലത്തുണ്ടായ മനുഷ്യത്വപരമായ ഏതെങ്കിലും ഒരുപ്രവർത്തനം ചൂണ്ടിക്കാട്ടി വിശകലനം ചെയ്യുക.
40. "ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി പൊഴിക്കവേ
    ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം" ... (അക്കിത്തം)...ഈ കവിതാഭാഗത്തിന്റെ ആശയം ഞാൻ കഥാകാരനായ കഥ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.
41. മനുഷ്യത്വം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഇതുമായി ബന്ധപ്പെടുത്തി ' നമുക്കും മനുഷ്യരാവാം' എന്ന തലക്കെട്ടിൽ ഒരുമുഖപ്രസംഗം തയ്യാറാക്കുക.
42. 'ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല ഞങ്ങളെയും ത്രാസിൽ വെച്ച് തൂക്കിനോക്കണം. ദിവസം മുഴുവൻ അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് '.. ഈ സന്ദർഭത്തിൽ തെളിയുന്ന സാമൂഹ്യാവസ്ഥയെന്ത് ? ഇന്നത്തെകാലത്ത് ഇതിന് മാറ്റം വന്നിട്ടുണ്ടോ ? കുറിപ്പ് തയ്യാറാക്കുക.
43. "ജീവിതം നൽകാൻ മടിക്കുന്നതൊക്കെയും
    ജീവിച്ചു ജീവിതത്തോടു ഞാൻ നേടും ".. ചങ്ങമ്പുഴ
    ഈ വരികളുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ ലിംമ്പാളെയുടെ ജീവിതത്തെ വിലയിരുത്തുക.
44. ശാന്താ ആത്യ ദൂരദേശത്ത് താമസിക്കുന്ന അവരുടെ മകന് ആ അമ്മയുടെ ജീവിതദുരിതങ്ങൾ അറിയിച്ചുകൊണ്ട് അയയ്ക്കുന്ന ഒരു കത്ത് തയ്യാറാക്കുക.
45. വിദ്യാഭ്യാസവും വായനയും വ്യക്തികളെ സ്വാധീനിക്കുന്നു എന്ന വിഷയത്തെ കേന്ദ്രീകരിച്ച് അക്കർമാശി എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ഒരു പ്രഭാഷണം തയ്യാറാക്കുക.
46. ശാന്താ ആത്യ , കുമാർമാമ എന്നീകഥാപാത്രങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

47. " ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി".. ലിംബാളെയുടെ ജീവിതപശ്ചാത്തലം വ്യക്തമാക്കാൻ ഈപ്രയോഗം എത്രമാത്രം ശക്തമാണെന്ന് വിശകലനം ചെയ്യുക.
48. 'സാന്താമായി ഒരു മഹാർ ആണെന്നുമനസ്സിലായ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല' ... ഇത് ലിംബാളെയുടെ മാത്രം ഗതികേടാണോ ? സമകാലികസാഹചര്യങ്ങൾ പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.
49. മാനവപുരോഗതിയുടെ ചിത്രമാണ് 'അശ്വമേധം'എന്ന വയലാർക്കവിതയിലൂടെ വ്യക്തമാകുന്നത്..ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിച്ച് വിശകലനം ചെയ്യുക.
50. "എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ" .. ഈ വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുക.

SHAJI T V